# എന്തിനീയാത്ര?




എന്തിനീയാത്ര തുടങ്ങി നാം? ചോദിപ്പൂ
പിന്നെയും ഞാനിന്നദൃശ്യനാം ദൈവമേ!
എത്ര ചിതകളെരിഞ്ഞടങ്ങുന്നതും
നോക്കി നടന്നു നാം? എന്നിട്ടുമീ നീണ്ട
പാതയിലൂടെ തിരക്കിട്ടു പായുമ്പോ–
ളെന്തിനീ യാത്ര തുടരുന്നു? ചോദിപ്പൂ
പിന്നെയും ഞാനിന്നദൃശ്യനാം ദൈവമേ!

എങ്ങിനെയിക്കാട്ടു ചോല തൻ തീരത്തു
വെൺമണൽത്തട്ടിൽ മയങ്ങിക്കിടക്കുവ–
തെങ്ങിനെ? പൊൻമുകാടിന്റെ ചാരത്തു
നിൻ കവിളികലനുരാഗമേ! സ്വർണ്ണ–
വർണ്ണരേണുക്കളെ യൊപ്പിയെടുക്കുവ–
തെങ്ങിനെ, നിന്നെത്തിരിഞ്ഞൊന്നു നോക്കുവാ–
നെന്നെയനുവദിക്കാത്തൊരീ യാത്രയിൽ?

ഇന്നും നിശാന്ധകാരത്തിൻ നിഴൽ വീണ
കല്പടവികൾ തളർന്നു വീഴാതെ ഞാൻ
ഒറ്റയ്ക്കു തപ്പിത്തടഞ്ഞു നടക്കുമീ
യറ്റങ്ങൾ കാണാൻ കഴിയാത്ത പാതയിൽ
നീ തന്ന പുല്ലാങ്കുഴലുമീ സ്വപ്നവും
കൈകളിൽ ഞാൻ തിരിച്ചേല്പിച്ചു പോകുമ്പോൾ
എന്തിനീ യാത്ര?– അറിയാതെ ചോദിപ്പൂ
പിന്നെയും ഞാനിന്നദൃശ്യനാം ദൈവമേ! ■